(എ) പി.ഡബ്ല്യു.ഡി. തിരുവല്ല സബ് ഡിവിഷന്റെ കീഴിലുള്ള മുത്തൂർ പുമന്ത്ര റോഡിലെ കോട്ടാലിൽ പാലത്തിന് സാങ്കേതികാനുമതി ലഭിച്ച തീയതി വ്യക്തമാക്കുമോ;

(ബി) ഈ പാലത്തിന്റെ ആദ്യ ടെൻഡർ നടന്ന തീയതി എന്നാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 20.1.1997

(ബി) 24.1.1997

86 (515) റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്തതിനുള്ള കുടിശ്ശിക ബില്ലുകൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല പി.ഡബ്ല്യു.ഡി. സബ്ഡിവിഷനിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ അറുപതു (60) ലക്ഷത്തിനുമേൽ രൂപയുടെ കുടിശ്ശിക ബില്ലുകൾ ഫണ്ടിന്റെ അപര്യാപ്തത കൊണ്ട് കൊടുത്തു തീർക്കാൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡിവിഷനിലേക്ക് ഓർഡിനറി റിപ്പയേഴ്സ് എന്ന ഹെഡ്ഡിൽ പ്രതിവർഷം നൽകുന്ന പത്തും പതിനഞ്ചും ലക്ഷം രൂപ വർദ്ധിപ്പിച്ചു നൽകി കുടിശ്ശിക അടിയന്തിരമായി തീർക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബില്ലുകൾ കൊടുത്തുതീർക്കുന്നത് സബ്ഡിവിഷൻ അടിസ്ഥാനത്തിലല്ല. റോഡ്സ് ഡിവിഷനിൽ ലഭിക്കുന്ന ബില്ലുകൾ മുൻഗണനാക്രമം പാലിച്ച് പാസ്സാക്കി കൊടുക്കുകയാണ് ചെയ്യുന്നത്. അതിനാൽ ഒരു സബ്ഡിവിഷനിലെ ബില്ലുകൾക്ക് മാത്രം പ്രത്യേക പരിഗണന നൽകുവാനാവില്ല. കുടിശ്ശിക ബില്ലുകൾ കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിച്ചു വരികയാണ്.

87 (521) കൊടുവള്ളി എച്ച്.എസ്-ആസാദ് പി.ഡബ്ല്യു.ഡി. റോഡ് പ്രവൃത്തി പൂർത്തിയാക്കാൻ നടപടി

ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിലെ ഒരിക്കൽ ടെണ്ടർ ചെയ്തിട്ട് മാറ്റി വച്ച കൊടുവള്ളി എച്ച്.എസ്-ആസാദ് റോഡ് (പി.ഡബ്ല്യു.ഡി. റോഡ്) ടെണ്ടർ ചെയ്ത് പ്രവൃത്തി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകൾക്ക് ആവശ്യമായ ഫണ്ട് ഇല്ലാത്തതുമൂലം ബുദ്ധിമുട്ടുന്നത് കണക്കിലെടുത്ത് പൊതുമരാമത്ത് വകുപ്പ് തന്നെ പ്രസ്തുത റോഡു പണി ഏറ്റെടുത്ത് നടപ്പിലാക്കുമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly